"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം - വാർഷിക പദ്ധതി 2024-25 - "ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം -ചെറുകിട മരാമത്ത് പണികൾ" - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.386/2024/AYUSH തീയതി,തിരുവനന്തപുരം, 06-10-2024

പരാമർശം:-

1. പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ 19/06/2024-ലെ 1124/എ2/2024/ജി.എച്ച്.എം.സി.റ്റി. നമ്പർ പ്രൊപ്പോസൽ.
2. ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23/08/2024-ൽ ചേർന്ന ഓൺലൈൻ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വിഭാഗത്തിന് 2024-25സാമ്പത്തിക വർഷത്തിൽ റവന്യൂ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണാനുമതി നൽകുന്നതിന് പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം പരാമർശം (1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ 23/08/2024ന് ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഓൺലൈൻ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി പരിശോധിച്ചു.

2) 2024-25 സാമ്പത്തിക വർഷത്തിൽ 2210-05-102-99-17 (പ്ലാൻ) റവന്യൂ ശീർഷകത്തിൽ "ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം - ചെറുകിടമരാമത്ത് പണികൾ" എന്ന പദ്ധതി പ്രകാരം ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള 40.00 ലക്ഷം രൂപയിൽ 30.28 ലക്ഷം (മുപ്പത് ലക്ഷത്തി ഇരുപത്തിയെട്ടായിരം രൂപ മാത്രം) രൂപയ്ക്ക് പരാമർശം (2)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൊതുവ്യവസ്ഥകൾക്കും ചില ഉപഘടകങ്ങൾക്കുള്ള പ്രത്യേക നിബന്ധനകൾക്കും വിധേയമായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**2210-05-102-99-17 (പ്ലാൻ) "ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം. (ചെറുകിട മരാമത്ത് പണികൾ)"**

| | |
|---|---|
| **ശീർഷകം** - 2210-05-102-99-17- ചെറുകിട മരാമത്ത് പണികൾ | |
| ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം - ചെറുകിടമരാമത്ത് പണികൾ<br><br>ബി.എച്ച്.എം.എസ് വിദ്യാർത്ഥിനികൾക്കായുള്ള ലേഡീസ് ഹോസ്റ്റലിന്റെ മെയിന്റനൻസ് വർക്കുകൾ. | 30.28 ലക്ഷം |
| **ആകെ** | **30.28 ലക്ഷം** |

എല്ലാ പർച്ചേസുകളും സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായിരിക്കണം. ടെണ്ടർ /ഇ-ടെണ്ടർ നടപടികൾ ആവശ്യമായവയ്ക്ക് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും സിവിൽ പ്രവൃത്തികൾ സി.പി.ഡബ്ല്യു.ഡി നിരക്കിലുമാണ് നടത്തേണ്ടത്. പ്രസ്തുത തുക ബാങ്കുകളിൽ നിക്ഷേപിക്കുന്നതും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും അനുവദനീയമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, ഐരാണിമുട്ടം,തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത്-എ/പ്ലാനിംഗ്-ബി) വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Namitha T
Date: 07-10-2024 10:18:31

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു.ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ-യ്ക്ക്.
ആയുഷ് വകുപ്പ് ജോയിൻ്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്.
ആയുഷ് (ബി2) വകുപ്പ്.